പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 329 — 28.01.2019 - ൽ മറുപടിയ്ക്ക്

**ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും പ്രവർത്തനം.**

ചോദ്യം

ശ്രീ.ബി.സത്യൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സർക്കാർ അംഗീകാരമുള്ള എത്ര അനാഥാലയങ്ങളും വൃദ്ധസദനങ്ങളുമാണ് ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ ചിറയിൻകീഴ് താലൂക്കിൽ 3 അനാഥാലയങ്ങളും 2 വൃദ്ധസദനങ്ങളും വർക്കല താലൂക്കിൽ 5 അനാഥാലയങ്ങളും 1 വൃദ്ധസദനവും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടക്കുന്നുണ്ടോ; ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നുണ്ടോ; പ്രതിമാസം ഒരു അന്തേവാസിക്ക് എത്ര രൂപ നിരക്കിലാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്; | (ബി) | പരിശോധന നടത്താറുണ്ട്. അംഗീകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗ്രാന്റ് ലഭിക്കുന്നില്ല. ചിറയിൻകീഴ് താലൂക്കിൽ രണ്ട് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട്. പ്രതിമാസം ഒരു അന്തേവാസിക്ക് 1000/- രൂപ എന്ന നിരക്കിലാണ് ഇപ്പോൾ ഗ്രാന്റ് നൽകി വരുന്നത്. ആയത് 1100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | അന്തേവാസികളിൽ നിന്നും പണം ഈടാക്കുവാൻ അനുവാദമുള്ള എത്ര വൃദ്ധ സദനങ്ങളാണ് ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ? | (സി) | ചിറയിൻകീഴ് താലൂക്കിൽ ആശ്രയ എന്ന ഒരു പെയ്ഡ് ഹോം പ്രവർത്തിക്കുന്നുണ്ട്. വർക്കല താലൂക്കിൽ മേല്പ്പറത്തിൽ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ